# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.490

## 29-10-2019 - ലെ മറുപടിക്ക്

### ഹെഡ് ഓഫ് അക്കൗണ്ട് മാറ്റുന്നതിന് നടപടി

| ചോദ്യം<br>**ശ്രീ.ജോർജ്ജ് എം.തോമസ്** | മറുപടി<br>**ഡോ. റ്റി. എം. തോമസ് ഐസക്<br>(ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| എ) ധനകാര്യ വകുപ്പിന്റെ പരിഗണനയിലുള്ള എൽ.എ. എൽ.എ.ഡി.എസ്-ൽ ഉൾപ്പെടുത്തിയ തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഡിപ്പോ നിർമ്മാണത്തിന് ഹെഡ് ഓഫ് അക്കൗണ്ട് മാറ്റണമെന്ന് ആവശ്യപ്പെട്ടുള്ള ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | 26.10.2019 തീയതിയിലെ സ.ഉ (സാധാ) നം. 8452/2019/ധന പ്രകാരം തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഡിപ്പോ നിർമ്മാണത്തിന് ഹെഡ് ഓഫ് അക്കൗണ്ട് മാറ്റി ഉത്തരവായിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |
| ബി) ഹെഡ് ഓഫ് അക്കൗണ്ട് മാറ്റി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യവകുപ്പ്- തിരുവമ്പാടി നിയോജകമണ്ഡലം - ആസ്തി വികസന ഫണ്ട് 2016-17- കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്റർ കെട്ടിട നിർമ്മാണം - പുതുക്കിയ ഭരണാനുമതി നൽകുന്നതിനായി - പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

---

**ധനകാര്യ (നോഡൽ സെന്റർ - സി) വകുപ്പ്**

**സ.ഉ.(സാധാ) നം.8452/2019/ധന. തീയതി, തിരുവനന്തപുരം, 26/10/2019**

---

പരാമർശം : 1. 04/08/2018 ലെ സ.ഉ.(അ) നം.119/2018/ധന.

2. 05.06.2015 ലെ സ.ഉ (പി) നം. 213/2015/ധന

3. 30.04.2018 ലെ സ.ഉ (സാധാ) നം. 192/2018/ഗതാ

4. 26.07.2018 ലെ സ.ഉ.(സാധാ) നം.339/2018/ഗതാ

5. 29.07.2019 – ൽ ബഹു.ശ്രീ ജോർജ്.എം.തോമസ് എം.എൽ.എ ബഹു. ഗതാഗത മന്ത്രിക്ക് നല്കിയ 64/19 നം. കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി നിയോജക മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്റർ കെട്ടിട നിർമ്മാണത്തിനായി ബഹു.എം.എൽ.എ ശ്രീ. ജോർജ്.എം.തോമസിന്റെ 2016-17 ആസ്തി വികസന ഫണ്ടിൽ നിന്നും 2,78,96,160 രൂപ അനുവദിച്ച് പരാമർശം (3) പ്രകാരം ഭരണാനുമതിയാകുകയും പരാമർശം (4) പ്രകാരം ടി ഉത്തരവ് പരിഷ്കരിക്കുകയും ചെയ്തിരുന്നു. ടി പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കി സമർപ്പിച്ചിരിക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയാണെന്നും എന്നാൽ പരാമർശം (3) പ്രകാരമുള്ള ഭരണാനുമതി ഉത്തരവിൽ ഹെഡ് ഓഫ് അക്കൗണ്ട് സൂചിപ്പിച്ചിരിക്കുന്നത് ഗതാഗത വകുപ്പിന്റേതാണെന്നും (5055-00-190-95 എ.ഡി.എസ്) ടി ഹെഡ് ഓഫ് അക്കൗണ്ടിന് പകരം തദ്ദേശസ്വയം ഭരണ വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടാണ് (4515-00-800-96 എ.ഡി.എസ്) അനുയോജ്യമെന്നും ആയതിന് നടപടി സ്വീകരിക്കണമെന്നും ബഹു.എം.എൽ.എ ശ്രീ.ജോർജ്.എം.തോമസ് പരാമർശം (5) പ്രകാരം ആവശ്യപ്പെട്ടിരുന്നു. പ്രവൃത്തി നടപ്പിലാക്കുന്നതിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പാരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ തുക "5475-00-800-91-നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നാണ് വഹിക്കേണ്ടത്. ധനകാര്യ വകുപ്പിൽ നിന്നുള്ള അനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട അംഗീകൃത ഏജൻസിക്ക് ഭരണ വകുപ്പ്/വകുപ്പുതലവൻമാർ തുക പിൻവലിച്ച് വിതരണം ചെയ്യേണ്ടതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്റർ കെട്ടിട നിർമ്മാണത്തിനായി 2,78,96,160/- (രണ്ട് കോടി എഴുപത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി ഒരുനൂറ്റി അറുപത് രൂപ മാത്രം) രൂപ "5475-00-800-91-നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്കു അനുവദിച്ചു നൽകുന്നതിനായി കെ.എസ്.ആർ.ടി.സി മാനേജിംഗ് ഡയറക്ടർക്ക് പരാമർശം (2) ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി 2016-17 സാമ്പത്തിക വർഷത്തെ പ്രവർത്തി ആയതിനാൽ പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**അനിൽകുമാർ. എം**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.

ശ്രീ. ജോർജ്.എം.തോമസ് എം.എൽ.എ, നെയ്യാർ 4-എ, എം.എൽ.എ ഹോസ്റ്റൽ,
തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോഴിക്കോട്
ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്
ചെയർമാൻ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി
അഡീഷണൽ സെക്രട്ടറി, ധനകാര്യ (ബഡ്ജറ്റ് വിംഗ്) വകുപ്പ്
അണ്ടർ സെക്രട്ടറി, ധനകാര്യ (അക്കൗണ്ട്സ്-എ) വകുപ്പ്
ഗതാഗത (എ) വകുപ്പ്
നോഡല് ഓഫീസർ www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (823434)

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**